**(86.) തോട്ടമൺ സെൻ്റ് ഫ്രാൻസിസ് അസ്സീസി മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം**

പുനരൈക്യത്തിന്റെ ആദ്യ ദശകത്തിൽ തന്നെ രൂപീകരിച്ച ഒരു മലങ്കര കൂട്ടായ്മയാണ് തോട്ടമൺ ഇടവക സമൂഹം. ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കരങ്ങളാൽ 1932 ഒക്ടോബർ മാസം 4 തീയതി പഴയപള്ളി സ്ഥാപിതമായി. പുണ്യനദിയായ പമ്പയുടെ തീരത്ത് റാന്നിയുടെ മടിത്തട്ടിൽ പ്രകൃതിരമണീയമായ തോട്ടമൺ പ്രദേശത്താണ് സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയം സ്ഥിതി ചെയ്യുന്നത്.

1940 ജൂണിൽ ഫാ. ഫിലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) 15 വീടുകൾ സന്ദർശം നടത്തുകയുണ്ടായി. വിശുദ്ധ കുർബ്ബാന അർപ്പിച്ചു, ആരാധനയിൽ 25 പേർ സംബന്ധിച്ചു എന്നീ വിവരങ്ങൾ അച്ചന്റെ ഡയറി രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1940 ജൂൺ 9, ജൂലൈ 10, സെപ്റ്റംബർ 15, 28, നവംബർ 10 തീയതികളിൽ അവിടെ വി.കുർബ്ബാന അർപ്പിച്ചതായി അച്ചന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1981 ജൂലൈ മാസം 26 തീയതി ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് പുതിയ ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. ഇടവക വികാരി ജോൺ പുത്തൻവിള അച്ചനും ഇടവക സമൂഹവും ക്ഷണിക്കപ്പെട്ട വ്യക്തികളും കർമ്മത്തിന് സാക്ഷ്യംവഹിച്ചു.

**ഇടവകയിൽ സേവനമനുഷ്ഠിച്ച വൈദികർ (1932 മുതൽ)**

1. ഫാ. കുര്യച്ചൻ
2. ഫാ. ജേക്കബ് ജോൺ
3. ഫാ. ഡാനിയേൽ
4. ഫാ. തോമസ്
5. ഫാ. ഫീലിപ്പോസ്
6. ഫാ. ജോൺ പുത്തൻവിള (19279 - 1983)
7. ഫാ. യോഹന്നാൻ മുളമൂട്ടിൽ (1983 - 1988)
8. ഫാ. മാത്യു മാടപ്പള്ളിയിൽ (1988 - 1992)
9. ഫാ. മാത്യു കയ്യാലയ്ക്കൽ (1992 - 1993)
10. ഫാ. മാത്യു വാഴപ്പിള്ളേത്ത് (1993 - 1995)
11. ഫാ. മാത്യു പൊൻമേലിൽ (1995 - 2000)
12. ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരി (2000 - 2005)
13. ഫാ. മാത്യു കാലായിൽ (2005 - 2007)
14. ഫാ. ബെന്നി നാരകത്തിനാൽ (2007 - 2007)
15. ഫാ. ഇമ്മാനുവേൽ ബംഗ്ലാവിൽ (2007 - 2020)
16. ഫാ. പോൾ നിലക്കൽ തെക്കേതിൽ (2010 - 2011)
17. ഫാ. ടോം കണ്ണംന്താനം കപ്പൂച്ചിൻ (2011 - 2016)
18. ഫാ. തോമസ് പടിപ്പുരക്കൽ കപ്പൂച്ചിൻ (2016)

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1) ഫാ. സജി ജോർജ്ജ് മുക്കോട്ടുമണ്ണിൽ - മുക്കോട്ടുമണ്ണിൽ മത്തായി ജോർജ്ജിന്റെയും അമ്മിണി ജോർജ്ജിന്റെയും അഞ്ചുമക്കളിൽ രണ്ടാമനായി 1967 മെയ് മാസം 4 തീയതി ജനിച്ചു. 1992 ഡിസംബർ മാസം 22 തീയതി ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ കരങ്ങളാൽ ദൈവികപട്ടം സ്വീകരിച്ചു. ഫാ. സജി ജോർജ്ജ് മുക്കോട്ടുമണ്ണിൽ തോട്ടമൺ ഇടവക കൂട്ടായ്മയുടെ ഭാഗമായിരുന്നു; ഇപ്പോൾ വയലത്തല സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിലെ അംഗമാണ്. അമേരിക്കയിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു.

2) സിസ്റ്റർ ജെൻസി എസ്.ആ.സി.- 1979 ജനുവരി മാസം 1 തീയതി പുത്തേട്ട് പി.റ്റി. സാമുവേലിന്റെയും കുഞ്ഞമ്മ സാമുവേലിന്റെയും നാല് മക്കളിൽ ഇളയവളായി ജനിച്ചു. 1995-ൽ സഭയോട് ചേർന്നു പുനരൈക്യപ്പെട്ട വ്യക്തിയാണ് സിസ്റ്റർ ജെൻസി. 1998 മെയ് മാസം 1 തീയതി ഒന്നാമത്തെ വ്രതവാഗ്ദാനം അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിൽ നിന്നും സ്വീകരിച്ചു. 2004 മെയ് മാസം 2 തീയതി നിത്യവ്രതവാഗ്ദാനം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിൽ നിന്നും സ്വീകരിച്ചു. ഇപ്പോൾ തിരുവനന്തപുരം മേജർ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്നു.

**ഇടവകയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ**

1. വൈദിക മന്ദിരം - 2015 ഒക്ടോബർ മാസം 19 തീയതി അഭിവന്ദ്യ ജോസ് ചാമക്കാലായിൽ അച്ചന്റെ ആശീർവാദത്തോടെ വൈദിക മന്ദിരത്തിന് തറക്കല്ല് ഇട്ടു. 2016 ഫെബ്രുവരി മാസം 21-ാം തീയതിയിൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുടെ കരങ്ങളാൽ വൈദിക മന്ദിരം കൂദാശ ചെയ്തു. വികാരി ഫാ. ടോം കണ്ണന്താനത്ത് കപ്പൂച്ചിൻ അച്ചനും, ഇടവകസമൂഹവും, ക്ഷണിക്കപ്പെട്ട വ്യക്തികളും സന്നിഹിതരായിരുന്നു.

2. ഗ്രോട്ടോ - 2017 ഡിസംബർ മാസം 17 തീയതിയിൽ അഭിവന്ദ്യ മോൺ. ജോൺ തുണ്ടിയത്ത് അച്ചൻ പരിശുദ്ധ ദൈവമാതാവിന്റെ ഗ്രോട്ടോ ആശീർവദിച്ചു. വികാരി ഫാ. തോമസ് പടിപ്പുരയ്ക്കൽ കപ്പൂച്ചിൻ അച്ചനും ഇടവക സമൂഹവും ക്ഷണിക്കപ്പെട്ട വ്യക്തികളും സന്നിഹിതരായിരുന്നു.

**ഇടവകയിലെ ഭക്തസംഘടനകൾ**

സണ്ടേസ്കൂൾ, എം.സി.എ., എം.സി.വൈ.എം., മാതൃവേദി, വിൻസന്റ് ഡി പോൾ എന്നീ സംഘടനകൾ വർഷങ്ങളായി ഇടവകയിൽ പ്രവർത്തിച്ചുവരുന്നു.